DESPATCHED
On 22/06/2020
4/2/20.

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic@kerala.nic.in**

**ഹർജി നമ്പർ AP. 820*(2)/2017*/*എസ്.ഐ.സി.***
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നം. 3906/*എസ്.ഐ.സി-ജി 6/2017*)**

**സന്നിഹിതൻ**
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.കെ.എൻ.സോമനാഥൻ പിള്ള,**
**കൊച്ചുനാലേത്ത് വീട്, ഒരിപ്രം,**
**ചെന്നിത്തല പി.ഒ, മാവേലിക്കര – 690105.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,**
   **ഹയർസെക്കന്ററി വിഭാഗം,**
   **ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ,**
   **തിരുവനന്തപുരം .**
2. **അപ്പീൽ അധികാരി,**
   **പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,**
   **ഹയർസെക്കന്ററി വിഭാഗം,**
   **ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ,**
   **തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 08.12.2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 12.01.2017 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 25.01.2017 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 03.03.2017 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 20.03.2017 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 23.03.2017 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 18.01.2020 – കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.സോമനാഥൻ പിള്ള കെ.എൻ 20.03.2017 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭ്യമായ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 08.12.2016 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് താഴെപറയുന്ന വിവരങ്ങളായിരുന്നു:

i. ശ്രീ.മനോജ്.വി യുടെ നിയമനവുമായി ബന്ധപ്പെട്ട് 1998/1999 കാലഘട്ടത്തിൽ സംസ്ഥാനത്തിനു വെളിയിലുള്ള സർവ്വകലാശാലകളിൽ നിന്നും നേടിയതായി റിപ്പോർട്ടു ചെയ്യുന്ന യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ 'genuineness'ഉം മറ്റും പുറം സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് പരിശോധിച്ച് റിപ്പോർട്ടു സ്വീകരിക്കുക ഉണ്ടായിട്ടുണ്ടോ?

ii. ടി നിയമനാംഗീകാര സമയത്തെ ഫയൽ ഔദ്യോഗിക അനുമതിയോടെ നശിപ്പിക്കപ്പെട്ടിട്ടുണ്ടോ? ഉണ്ട് എങ്കിൽ ഇവ നശിപ്പിക്കാനെടുത്ത തീരുമാനത്തിന്റെയും, നശിപ്പിച്ച തീയതിയുടെയും അതിനു ഉത്തരവാദപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയും (പേരും ഔദ്യോഗിക പദവിയും) വിവരങ്ങൾ നൽകുകയും ബന്ധപ്പെട്ട തീരുമാനത്തിന്റെ ഓഫീസ് നോട്ടിന്റെയും അനുബന്ധ രേഖകളുടെയും സാക്ഷ്യപ്പെടുത്തിയ അസ്സൽ പകർപ്പ് നൽകുക എന്നതുമായി ബന്ധപ്പെട്ട വിവരങ്ങളായിരുന്നു.

3. രണ്ടാം എതിർകക്ഷി 28.04.2017 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന ശ്രീ.മനോജ്.വി യുടെ നിയമനവുമായി ബന്ധപ്പെട്ട ഫയൽ കണ്ടെത്താൻ ശ്രമിച്ചതിന്റെ ഫലമായി ആയത് കണ്ടെത്തുകയും ആയതിന്റെ ഫലമായി ശ്രീ.മനോജിന്റെ നിയമനവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച പ്രൊപ്പോസലിന്റെയും എം.എസ്.സി ബിരുദം സംബന്ധിച്ച എം.ജി.യൂണിവേഴ്സിറ്റി നൽകിയ സർട്ടിഫിക്കറ്റുകളും ലഭിക്കുകയുണ്ടായി. ടി രേഖകൾ കണ്ടെത്തുവാൻ കഴിഞ്ഞുവെങ്കിലും ടി നിയമന അംഗീകാരം സംബന്ധിച്ച നടപ്പ് ഫയലും കുറിപ്പ് ഫയലും കണ്ടെത്താനായിട്ടില്ല. ടിയാൻ ആവശ്യപ്പെട്ടിരുന്ന എം.എസ്.സി.ഫിസിക്സ് സർട്ടിഫിക്കറ്റിന്റെ എം.ജി.യൂണിവേഴ്സിറ്റി നൽകിയ equivalency certificate ഉം, B.Ed certificate ന്റെ മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ലഭിച്ച genuineness സംബന്ധിച്ച

സർട്ടിഫിക്കറ്റിന്റെ പകർപ്പും കണ്ടെത്തിയതിനാൽ 03.03.2017 ൽ നൽകുകയും ചെയ്തു. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടതിൽ ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും ടിയാൻ ആവശ്യപ്പെട്ടിരുന്നത് ഏകദേശം 19 വർഷത്തോളം പഴക്കമുള്ള ഫയലാണെന്നും ആയത് കണ്ടെത്തുന്നതിനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ടിയാന് നൽകുന്നതാണെന്നും മറ്റുമാണ്.

4. ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 18.01.2020 ൽ കമ്മീഷൻ ഹിയറിംഗ് പോസ്റ്റു ചെയ്തതനുസരിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഹാജരായിരുന്നു. അപ്പീൽ ഹർജിക്കാരൻ ഹാജരായിരുന്നില്ല.

5. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച 17.01.2020 ലെ റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്കും അപ്പീലിനും ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും ആലപ്പുഴ, മാന്നാർ എൻ.എസ്.ഹയർസെക്കന്ററി സ്കൂളിലെ പ്രിൻസിപ്പാൾ ശ്രീ.മനോജ് വി യുടെ എം.എസ്.സി. ഫിസിക്സ് സർട്ടിഫിക്കറ്റിന്റെ genuineness സംബന്ധിച്ച വസ്തുത അറിയിക്കുന്നതിനായി ടി ഓഫീസിലെ 06.02.2017 തീയതിയിലെ എസിഡി.എ3/11471/2014/എച്ച്എസ്ഇ കത്ത് പ്രകാരവും ചെങ്ങന്നൂർ മേഖലാ ഉപമേധാവിയുടെ കാര്യാലയത്തിലെ 12.08.2016 തീയതിയിലെ 3656/സി5/2016/ആർഡിഡി/സിഎൻജിആർ കത്ത് പ്രകാരവും ഭോപ്പാൽ ബർക്കത്തുള്ള വിശ്വവിദ്യാലയത്തിലെ രജിസ്ട്രാറോട് ആവശ്യപ്പെട്ടിരുന്നതനുസരിച്ച് ലഭ്യമായ പകർപ്പ് 07.01.2020 ന് ടിയാന് നൽകിയിട്ടുണ്ടെന്നും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയതായി കമ്മീഷൻ വിലയിരുത്തുന്നു. ടി സാഹചര്യത്തിൽ ടി അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 04–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**
JN